**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 492** **17-09-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഗവ. എൻ.ജി.ഒ. കാർട്ടേഴ്സ് എച്ച്.എസ്.എസ്. ഓഡിറ്റോറിയം നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടെ നിർമ്മാണം ആരംഭിച്ച കോഴിക്കോട് ഗവൺമെന്റ് എൻ.ജി.ഒ. കാർട്ടേഴ്സ് എച്ച്.എസ്.എസ്. ഓഡിറ്റോറിയം നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ഗവണ്മെന്റ് എൻ ജി ഓ കാർട്ടേഴ്സ് സ്കൂളിലെ നിർമ്മാണ പ്രവർത്തനത്തിന് 19.05.2018 ലെ ഉത്തരവ് നം. GED008-40-PA-01 പ്രകാരം 3 കോടി രൂപയുടെ കിഫ്ബി ഫണ്ട് അനുവദിച്ചിരുന്നു. ടി പദ്ധതിയുടെ 30% നിലവിൽ പൂർത്തിയായിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഡിസൈനുമായി ബന്ധപ്പെട്ട് സ്കൂൾ അധികാരികളുടെ ഭാഗത്ത് നിന്നുള്ള അപേക്ഷ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് അംഗീകരിക്കാനാവാത്തതിനാൽ പ്രവൃത്തിയുടെ കരാർ പദ്ധതി നിർവ്വഹണ ഏജൻസി റദ്ദ് ചെയ്യുകയുണ്ടായി. 22.10.2024 ൽ കിഫ്ബിയിൽ നടന്ന യോഗത്തിൽ ബാക്കി പ്രവൃത്തി ടി പദ്ധതിയ്ക്ക് നിലവിൽ അവശേഷിക്കുന്ന കിഫ്ബി ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് വഴി ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കാനും ടി സ്കൂളിൽ ബന്ധപ്പെട്ട ഏജൻസികൾ ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഒരു റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കാനും തീരുമാനമെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 06.11.2024 ൽ ബഹു. എം.എൽ.എ, ഇൻകെൽ, കിഫ്ബി, പൊതുമരാമത്ത് ഉദ്യോഗസ്ഥർ എന്നിവർ പദ്ധതി സ്ഥലത്ത് ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി പദ്ധതിയുമായി ബന്ധപ്പെട്ട Architectural Drawings, Structural Drawings എന്നിവ ഇൻകെൽ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ തുടർ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള തടസ്സം നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് ഗവണ്മെന്റ് എൻ ജി ഓ കാർട്ടേഴ്സ് സ്കൂളിലെ നിർമ്മാണ പ്രവർത്തനത്തിന് 19.05.2018 ലെ ഉത്തരവ് നം. GED008-40-PA-01 പ്രകാരം 3 കോടി രൂപയുടെ കിഫ്ബി ഫണ്ട് അനുവദിച്ചിരുന്നു. ടി പദ്ധതിയുടെ 30% നിലവിൽ പൂർത്തിയായിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഡിസൈനുമായി ബന്ധപ്പെട്ട് സ്കൂൾ അധികാരികളുടെ ഭാഗത്ത് നിന്നുള്ള അപേക്ഷ പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് |

| | | | |
|---|---|---|---|
| | | | അംഗീകരിക്കാനാവാത്തതിനാൽ പ്രവൃത്തിയുടെ കരാർ പദ്ധതി നിർവ്വഹണ ഏജൻസി റദ്ദ് ചെയ്യുകയുണ്ടായി. 22.10.2024 ൽ കിഫ്ബിയിൽ നടന്ന യോഗത്തിൽ ബാക്കി പ്രവൃത്തി ടി പദ്ധതിയ്ക്ക് നിലവിൽ അവശേഷിക്കുന്ന കിഫ്ബി ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് വഴി ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കാനും ടി സ്കൂളിൽ ബന്ധപ്പെട്ട ഏജൻസികൾ ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഒരു റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കാനും തീരുമാനമെടുത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 06.11.2024 ൽ ബഹു. എം.എൽ.എ, ഇൻകെൽ, കിഫ്ബി, പൊതുമരാമത്ത് ഉദ്യോഗസ്ഥർ എന്നിവർ പദ്ധതി സ്ഥലത്ത് ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി പദ്ധതിയുമായി ബന്ധപ്പെട്ട Architectural Drawings, Structural Drawings എന്നിവ ഇൻകെൽ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാന ബഡ്ജറ്റിൽ നീക്കിവെച്ച ഫണ്ടുകൂടി ഉപയോഗിച്ച മേൽപറഞ്ഞ നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | 22.10.2024 ൽ കിഫ്ബിയിൽ നടന്ന യോഗത്തിൽ ടി സ്കൂളിലെ ബാക്കി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് വഴി ഡെപ്പോസിറ്റ് വർക്കായി കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുമെന്നും ടി സ്കൂളിനുള്ള ആകെ കിഫ്ബി ഫണ്ട് 3.9 കോടി രൂപയിൽ നിജപെടുത്തുമെന്നും അധികമായി ആവശ്യമായി വരുന്ന തുക ബഹു.എം.എൽ.എ യുടെ ഫണ്ടിൽ നിന്നും അനുവദിക്കുമെന്നും ടി യോഗത്തിൽ തീരുമാനിച്ചിരുന്നു. പൊതുമരാമത്ത് വകുപ്പ് വഴി ഡെപ്പോസിറ്റ് വർക്കായി ബാക്കി പ്രവൃത്തി നടപ്പിലാക്കാൻ തീരുമാനമെടുത്തതിനാൽ, ടി പദ്ധതിയ്ക്ക് സംസ്ഥാന ബജറ്റിൽ നീക്കി വെച്ച തുക കിഫ്ബി വഴി ഉപയോഗിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ